# കൊണാർക് സൂര്യക്ഷേത്രം




പതിമൂന്നാം നൂറ്റാണ്ടിൽ നിർമിക്കപ്പെട്ട ഹൈന്ദവക്ഷേത്രമാണ് കൊണാർക്. സൂര്യദേവൻ ആരാധനാമൂർത്തിയായ ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നത് ഒറീസാ സംസ്ഥാനത്തിലെ പുരി ജില്ലയിലാണ്. A.D.1236 നും 1264 നും ഇടയിൽ ജീവിച്ചിരുന്ന നരസിംഹദേവൻ ഒന്നാമൻ എന്ന ഗാംഗേയ രാജാവാണ് ഇത് പണികഴിപ്പിച്ചത് ഈക്ഷേത്രം സപ്താത്ഭുതങ്ങളിൽ ഒന്നായി പരിഗണിക്കപ്പെട്ടു. യുനസ്കോയുടെ ലോകപൈതൃകപട്ടികയിൽ ഈക്ഷേത്രം സ്ഥാനം പിടിച്ചിട്ടുണ്ട്. "ഇവിടെ കല്ലുകളുടെ ഭാഷ മനുഷ്യൻെറ ഭാഷയെ നിർവീര്യമാക്കുന്നു " എന്ന് രവീന്ദ്രനാഥ ടാഗോർ ഈ ക്ഷേത്രത്തെക്കുറിച്ച് അഭിപ്രായപ്പെട്ടു. ഈക്ഷേത്രം രഥമാതൃകയിലാണ് നിർമിച്ചിരിക്കുന്നത്. ഏഴ് കുതിരകൾ രഥം വലിക്കുന്നു. ക്ഷേത്ര ദ്വാരപാലകരായി രണ്ട് സിംഹങ്ങളെ കാണാം. രഥത്തിൻെറ ഇരുവശത്തും 12 ചക്രങ്ങൾ വീതമുണ്ട്. ഈ ചക്രങ്ങളുടെ നിലത്തുവീഴുന്ന നിഴൽ നോക്കി സമയം കൃത്യമായി തിട്ടപ്പെടുത്താൻ സാധിച്ചിരുന്നു.



ക്ഷേത്രത്തിലെ ചുമർശില്പങ്ങളിൽ ദേവീദേവന്മാരുടെ രൂപങ്ങൾ, പുരാണകഥാപാത്രങ്ങൾ, ഗന്ധർവ്വന്മാർ,യക്ഷികൾ,പുരാണകഥാസന്ദർഭങ്ങൾ,നൃത്തംചെയ്യുന്ന അപ്സരസ്സുകൾ എന്നിവ കാണാൻ സാധിക്കും. പ്രധാനക്ഷേത്രത്തിൻെറ ചുറ്റിലുമായി അടിഭാഗത്ത് രണ്ടായിരത്തോളം ആനകളുടെ ശില്പങ്ങളുണ്ട്. വാത്സ്യായനമഹർഷിയുടെ കാമശാസ്ത്രത്തിൽ പ്രതിപാദിക്കുന്ന ലൈംഗികചേഷ്ടകൾ

ഇവിടെ ശില്പങ്ങളായി കാണാൻ കഴിയും. 229 അടി ഉയരമുള്ള പ്രധാന ക്ഷേത്രത്തിന് മൂന്ന് ഭാഗങ്ങളുണ്ട്. സൂര്യദേവൻെറ പൂജാവിഗ്രഹം പ്രതിഷ്ഠിച്ചിരിക്കുന്ന ഗർഭഗൃഹം,ക്ഷേത്രസോപാനം, ജഗന്മോഹനമണ്ഡപം. 1200 ഓളം പേർ12 വർഷം സമയമെടുത്താണ് ഈ ക്ഷേത്രം നിർ മിച്ചതെന്ന് പറയപ്പെടുന്നു.



സൂര്യദേവൻെറ മൂന്ന് ഭാവങ്ങൾ (ഉദയം, മധ്യാഹ്നം, അസ്തമയം)പ്രധാന ക്ഷേത്രത്തിൻെറ മൂന്ന് ഭാഗങ്ങളിലായി നിർമിച്ചിരിക്കുന്നു.കല്ലുകൾ തമ്മിൽ യോചിപ്പിക്കുവാൻ സിമൻറ് ,കുമ്മായം എന്നിവ ചേർത്തിട്ടില്ല എന്നതും വസ്തുതയാണ്. കല്ലുകൾ തമ്മിൽ പ്രത്യേകരീതിയിൽ കൂട്ടിയിണക്കിയാണ് ഇത് നിർമിച്ചിരിക്കുന്നത്. ക്ഷേത്രനിർമാണത്തിൽ പ്രധാന വിദ്വാൻ ബിസുമഹാറാണ ആയിരുന്നു.അദ്ദേഹത്തിൻെറ പുത്രൻ 12 വയസ്സുള്ള ധർമ്മപാദരാണ് ക്ഷേത്രം ഉറപ്പിച്ചതെന്നും പറയപ്പെടുന്നു. കൊണാർക്കിൻെറ പരിസരങ്ങളിൽ കാണാത്ത പ്രത്യേകതരം കല്ലുകൾ ഉപയോഗിച്ചാണ് ക്ഷേത്രം നിർമിച്ചിരിക്കുന്നത്. സൂര്യക്ഷേത്രത്തിൻെര മുകളിൽ ഒരു കാന്തികപ്രഭാവമുള്ള കല്ലുണ്ടായിരുന്നു. ഇത് വായുവിൽ എങ്ങും തൊടാതെയാണ്

നിന്നിരുന്നത്.അതിൻെറ കാന്തിക സ്വാധീനം കാരണം സമുദ്രത്തിലൂടെ സഞ്ചരിക്കുന്ന കപ്പലുകൾ വഴിതെറ്റി സഞ്ചരിക്കുകയും ,കപ്പലുകളിൽ ദിശകാണിക്കുന്ന കോമ്പസ് നശിക്കുകയും ചെയ്യതായി പറയപ്പെടുന്നു. വഴിതെറ്റാതിരിക്കാൻ മുസ്ലീം കച്ചവടക്കാർ കല്ല് എടുത്തുകളയുകയുംചെയ്യു. തന്മൂലം എല്ലാ കല്ലുകളും സന്തുലിതമായി നിർത്തിയിരുന്ന കേന്ദ്രക്കല്ല് നഷ്ടപ്പെട്ടതോടെ പരസ്പരം കാന്തികമായി ബന്ധപ്പെട്ടുകിടന്ന കല്ലുകൾക്ക് സ്ഥാനഭ്രംശം സംഭവിച്ചു.
അങ്ങനെയാവാം ക്ഷേത്രം നശിച്ചതെന്ന് പറയപ്പെടുന്നു.